**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2495** **21-01-2021 - ൽ മറുപടിയ്ക്ക്**

**തെരുവു വിളക്കുകൾക്ക് ഓട്ടോമാറ്റിക് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . എൻ . ഷംസുദ്ദീൻ ,<br>ശ്രീ . ടി . എ . അഹമ്മദ് കബീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ ലൈനുകൾ വലിച്ച് ഓട്ടോമാറ്റിക് സംവിധാനം സ്ഥാപിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്ഥാപനം അനുവദിക്കുന്ന ഫണ്ടുകൾക്കനുസൃതമാണോ; ഇവ സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | അതെ. തെരുവുവിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ ലൈനുകൾ വലിച്ചു സ്ട്രീറ്റ് ലൈറ്റ് ഓട്ടോമാറ്റിക് കൺട്രോളർ ബോക്സ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം സമർപ്പിക്കുന്ന മുറയ്ക്ക് ബോർഡ് നിയമാനുസൃതമായ ഡിമാൻഡ് നോട്ടീസ് നൽകുയും ഈ തുക ഡെപ്പോസിറ്റ് വർക്കായി കെ.എസ്.ഇ.ബി.എൽ. ൽ അടയ്ക്കുന്ന മുറയ്ക്ക് ടെൻഡർ മുഖാന്തിരം പ്രസ്തുത ജോലി പൂർത്തീകരിയ്ക്കുകയും ചെയ്യുന്നു. |
| (ബി) | ഇത്തരത്തിൽ തെരുവുവിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ട്രീറ്റ് ലൈൻ, ഓട്ടോമാറ്റിക് ടൈമർ സിസ്റ്റം എന്നിവയുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കാമോ; | (ബി) | തെരുവ് വിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ട്രീറ്റ് മെയിൻ ലൈനുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള ഉത്തര വാദിത്തം കെ. എസ്. ഇ. ബി. എൽ.-ൽ നിക്ഷിപ്തമാണ്. കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് കൺട്രോളറുകൾക്ക് വാറന്റി നിലവിലുള്ള കാലഘട്ടത്തിൽ സംഭവിക്കുന്ന കേടുപാടുകൾ ബന്ധപ്പെട്ട കമ്പനിയാണ് പരിഹരിക്കേണ്ടത്. |
| (സി) | തകരാർ ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസിൽ റിപ്പോർട്ട് ചെയ്താൽ എത്ര ദിവസത്തിനകം തകരാർ പരിഹരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ബന്ധപ്പെട്ട ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട, സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുന്നതിനുള്ള പരമാവധി സമയം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ